## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2274** **05/12/2018-ൽ മറുപടിയ്ക്ക്**

## ജുവനൈൽ ജസ്റ്റിസ് ബോർഡുകളും ചൈൽഡ് വെൽഫെയർ കമ്മിറ്റികളും

| ചോദ്യം<br>ശ്രീ. റ്റി.വി രാജേഷ് | ഉത്തരം<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ -ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ജുവനൈൽ ജസ്റ്റിസ് ബോർഡുകളും ചൈൽഡ് വെൽഫെയർ കമ്മിറ്റികളും പുന:സംഘടിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ;<br><br>(ബി) ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത കമ്മിറ്റികൾ പുതുതായി രൂപീകരിച്ചിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കാമോ? | (എ) യും (ബി) യും 14 ജില്ലകളിലെയും ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടേയും ജുവനൈൽ ജസ്റ്റിസ് ബോർഡുകളുടേയും കാലാവധി കഴിഞ്ഞതിനെതുടർന്ന്, പ്രസ്തുത കമ്മിറ്റികളും ബോർഡുകളും പുന:സംഘടിപ്പിക്കുന്നതിന് ബാലനീതി നിയമം 2015 പ്രകാരം റിട്ടയേർഡ് ജസ്റ്റിസ് കെ.കെ.ദിനേശൻ ചെയർപേഴ്സണായി സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പിന്നീട് ജസ്റ്റിസ് കെ.കെ ദിനേശന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്-മാനായി നിയമിതനായ സാഹചര്യത്തിൽ, റിട്ടയേർഡ് ജഡ്ജ് വി.കെ മോഹനനെ ചൈൽഡ് വെൽഫെയർ കമ്മിറ്റികളിലെയും ജുവനൈൽ ജസ്റ്റിസ് ബോർഡുകളിലെയും അംഗങ്ങളെ തെരെഞ്ഞെടുക്കുന്നതിനുള്ള സെലക്ഷൻ കമ്മിറ്റി ചെയർപേഴ്സണായി നിയമിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.<br>പുതിയ ബാലനീതി നിയമം നിലവിൽ വന്നതിനാൽ ജുവനൈൽ ജസ്റ്റിസ് നിയമം 2000 പ്രകാരം തയ്യാറാക്കിയ സെലക്ട് ലിസ്റ്റുകളും, അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് പുറപ്പെടുവിച്ച വിജ്ഞാപനങ്ങളും റദ്ദ് ചെയ്ത്, 14 ജില്ലകളിലെയും ജുവനൈൽ ജസ്റ്റിസ് ബോർഡുകളും എറണാകുളം ഒഴികെയുള്ള ജില്ലകളിലെ |

ചൈൽഡ് വെൽഫെയർ കമ്മിറ്റികളും പുന:സംഘടിപ്പിക്കാൻ അപേക്ഷ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാൻ സാമൂഹ്യനീതി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവായിരുന്നു.
ഈ ഉത്തരവ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട്, ബാലനീതി നിയമം - 2000 അനുസരിച്ച് രൂപീകരിച്ച മുൻ സെലക്ഷൻ കമ്മിറ്റി തയ്യാറാക്കിയ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ചിലർ, ഹൈക്കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതി പ്രസ്തുത ഉത്തരവ് സ്റ്റേ ചെയ്തതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിരുന്നില്ല. ഇപ്പോൾ പ്രസ്തുത കേസ്സുകൾ ബഹു.ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ജുവനൈൽ ജസ്റ്റിസ് ബോർഡുകളും ചൈൽഡ് വെൽഫെയർ കമ്മിറ്റികളും പുന:സംഘടിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ